**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1888** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഏറനാട് മണ്ഡലത്തിൽ 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതി പ്രകാരം നടപ്പാക്കുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | ഏറനാട് നിയോജകമണ്ഡലത്തിലെ കീഴുപറമ്പ് ജി.എച്ച്.എസ്.എസ് കളിസ്ഥലം "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടുന്നുണ്ട്. ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽ നിന്നോ ജില്ലാകളക്ടറിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. എന്നാൽ, കീഴുപറമ്പ് ജി.എച്ച്.എസ്.എസ്. കളിസ്ഥലം വികസനത്തിനായി ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല.<br><br>ഇത് സംബന്ധിച്ച അറിയിപ്പ് കിട്ടിയാലുടൻ എം.എൽ.എ ഫണ്ട് വിഹിതവും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്കായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഏറനാട് മണ്ഡലത്തിലെ അരീക്കോട് സ്റ്റേഡിയം നവീകരണത്തിനായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ബി) | മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിലെ അരീക്കോട് പഞ്ചായത്ത് സ്റ്റേഡിയം വികസനത്തിനായി 2015 ൽ ദേശീയ ഗെയിംസിന്റെ ഭാഗമായി 16.03.2013-ലെ G.O.(Rt) 66/2013/S&YA പ്രകാരം 658 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ നിർവ്വഹണത്തിനായി M/s.KITCO യെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിൽ പവലിയൻ ബിൽഡിംഗ്, ഗ്രൗണ്ട് ഡെവലപ്മെന്റ് തുടങ്ങിയ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തി 2016 |

| | | | |
|---|---|---|---|
| | | | നവംബറിൽ പൂർത്തിയാക്കുകയും അരീക്കോട് ഗ്രാമപഞ്ചായത്തിനോട് സ്റ്റേഡിയം ഏറ്റെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ സ്റ്റേഡിയം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും അരീക്കോട് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. തുടർന്ന് 2018ലെ പ്രളയത്തിൽ സ്റ്റേഡിയം വെള്ളത്തിലാവുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തിരുന്നു.<br><br>പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 19.11.2019ന് അന്നത്തെ കായിക വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ കായിക വകുപ്പ് ഡയറക്ടർ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി എക്സിക്യൂട്ടിവ് എഞ്ചിനീയറും കായികയുവജനകാര്യ ഡയറക്ടർക്ക് വേണ്ടി സ്പോർട്സ് എൻജിനീയറിംഗ് വിങ് അസിസ്റ്റന്റ് എഞ്ചിനീയറും പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തുകയും സ്റ്റേഡിയത്തിന് കാര്യമായ തകരാറുകൾ ഇല്ലെന്നു ബോധ്യപ്പെടുകയും ആയത് റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയം ഏറ്റെടുക്കുന്നതിന് പഞ്ചായത്തിന് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ